# പാറശ്ശാല ഗ്രാമ പഞ്ചായത്ത്

പാറശ്ശാല – 695502, തിരുവനന്തപുരം ജില്ല, ഫോൺ; 0471– 2202033

(ഐ. എസ് ഒ 9001 – 2005 സർട്ടിഫൈഡ് ഗ്രാമപഞ്ചായത്ത്)

ഇ-മെയിൽ – parassalagp@gmail.com.


നമ്പർ : എസ് സി 4–4717/2024 തീയതി : 18-11-2024

പ്രേഷിതൻ,

**സെക്രട്ടറി**

പാറശ്ശാല ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്,

ബഹു.ജോയിന്റ് ഡയറക്ടർ

തിരുവനന്തപുരം

**സർ,**

വിഷയം-പാറശ്ശാല ഗ്രാമപഞ്ചായത്ത്-ശ്രീ.ശിവകുമാർ,മണികണ്ഠൻ,.നിതിൻ എസ്.എൻ/നിപിൻ എസ്.എൻ, എന്നിവരുടെ സിറ്റിസൺ അദാലത്ത് പോർട്ടൽ മുഖേന ലഭിച്ച TVPM50300000035 നമ്പർ പരാതിയിൽ മറുപടി സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന-(1) സിറ്റിസൺ അദാലത്ത് പോർട്ടൽ മുഖേന ലഭിച്ച TVPM50300000035 നമ്പർ പരാതി

(2) ശ്രീ.ശിവകുമാർ.വി,പെരുമറത്താൻകുഴി വീട്,പരശുവയ്ക്കൽ എന്നയാളുടെ പരശുവയ്ക്കൽ വില്ലേജിലെ റീസർവ്വേ നമ്പർ–248/26–1–1 ലെ 4.05 ആർ വസ്തുവിൽ ചുറ്റുമതിൽ നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷ.

(3) ശ്രീ.മണികണ്ഠൻ.എസ്,പെരുമറത്താൻകുഴി വീട്,പരശുവയ്ക്കൽ എന്നയാളുടെ പരശുവയ്ക്കൽ വില്ലേജിലെ റീസർവ്വേ നമ്പർ–248/26–4 ലെ 4.86 ആർ വസ്തുവിൽ ചുറ്റുമതിൽ നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷ.

(4)ശ്രീ.നിതിൻ എസ്.എൻ/നിപിൻ എസ്.എൻ,കല്ലുവിള വീട്,പരശുവയ്ക്കൽ എന്നയാളുടെ പരശുവയ്ക്കൽ വില്ലേജിലെ റീസർവ്വേ നമ്പർ–248/26 ലെ 6.48 ആർ വസ്തുവിൽ

ചുറ്റുമതിൽ നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷ.

(5) സൈറ്റ് പരിശോധിച്ച ഓവർസിയറുടെ റിപ്പോർട്ട്.

(6) വസ്തുവിൽ കേസ് നിലവിള്ളതായും,പെർമിറ്റ് നൽകരുതെന്നും കാണിച്ച് ശ്രീമതി.രമ,കുംഭംവിള,പരശുവയ്ക്കൽ സമർപ്പിച്ച പരാതി.

(7) പരശുവയ്ക്കൽ വില്ലേജ് ആഫീസറുടെ 26/07/24 തീയതിയിലെ 178/24 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ സ്വന്തം ഉടമസ്ഥതയിലുള്ള വസ്തുവിൽ ചുറ്റുമതിൽ നിർമ്മാണ അനുമതിക്കായി സൂചന (2), (3), (4) കക്ഷികൾ അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് സൈറ്റ് പരിശോധനയ്ക്കായി സാങ്കേതിക വിഭാഗം ഓവർസിയർ സ്ഥലത്ത് എത്തിയപ്പോൾ ഈ വസ്തു സംബന്ധിച്ച് കേസ് നിലവിലുള്ളതായും തങ്ങൾക്ക് അവകാശപ്പെട്ട സ്ഥലത്താണ് സൂചന 2, 3, 4, കക്ഷികൾ ചുറ്റുമതിൽ നിർമ്മിക്കാൻ ശ്രമിക്കുന്നത് എന്നും ചുറ്റുമതിൽ നിർമ്മാണ അനുമതി നൽകരുതെന്നും കാണിച്ച് ശ്രീമതി.രമ പരാതി നൽകി. സൈറ്റ് പരിശോധയിൽ പ്ലോട്ടിലെ അളവുകൾ എടുക്കുന്നത് തടസ്സപ്പെടുകയും ചെയ്തതായും, ചുറ്റുമതിൽ നിർമ്മിക്കേണ്ട പ്ലോട്ടുകളുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തി സൈറ്റിൽ ബോധ്യപ്പെട്ടാൽ മാത്രമേ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ എന്നും സൈറ്റ് പരിശോധിച്ച ഓവർസിയർ സൂചന (5) പ്രകാരം റിപ്പോർട്ട് നൽകുകയും, തുടർന്ന് ഈ വസ്തുവിൽ കേസ് നിലവിലുള്ളതായും, പെർമിറ്റ് നൽകരുതെന്നും കാണിച്ച് സൂചന (6) കക്ഷി പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പരാതിയിലും പെർമിറ്റ് അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുന്നതിലേക്ക് വേണ്ടി വസ്തുക്കളുടെ അതിരുകൾ പഞ്ചായത്ത് ജിവനക്കാരുടെ സാന്നിധ്യത്തിൽ ബോധ്യപ്പെടുത്തി നൽകണമെന്നും, വില്ലേജ് ആഫീസിലെ ജീവനക്കാർ ഈ വസ്തുവിൽ എത്തുന്ന തീയതിയും, സമയവും കാലതാമസം കൂടാതെ അറിയിക്കണമെന്നും അപേക്ഷകരുടെ സാന്നിദ്ധ്യം കൂടെ ഉറപ്പ് വരുത്തണമെന്നും പരശുവയ്ക്കൽ വില്ലേജ് ആഫീസർക്ക് കത്ത് നൽകിയിരുന്നു.

ഈ കത്തിന് സൂചന (7) പ്രകാരം വില്ലേജ് ആഫീസിൽ നിന്നും റീസർവ്വേ നമ്പർ-248/26-1-1, 248/26-4, 248/26 വസ്തുക്കൾ പോക്കു വരവിനെ തുടർന്നുള്ള സബ് ഡിവിഷൻ ആകുന്നു എന്ന് അറിയിച്ചിരുന്നു. പ്രസ്തുത നമ്പരിന് പ്രത്യേകം അളവ് സ്കെച്ച് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അതിർത്തി നിർണ്ണയം സാധ്യമല്ലാത്തതും,അപേക്ഷക്കാസ്പദമായ സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് സർവ്വേ ചെയ്യുന്നതിനുമായി section 27 in kerala survey and boundaries Rules,1964 പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷ കക്ഷികൾക്ക് നിർദ്ദേശം നൽകാവുന്നതാണ് എന്ന വിവരവും അറിയിച്ചിരുന്നു. ഈ വിവരം അപേക്ഷകരെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് 11/11/2024 തീയതി വസ്തു അളക്കുന്നതിന് വേണ്ടി റവന്യൂ അധികാരികൾ വരുന്നുണ്ടെന്ന് അറിയിക്കുകയും, അറിയിപ്പ് പ്രകാരം പ്രസ്തുത സ്ഥലത്ത് പോയിരുന്നെങ്കിലും വസ്തുവിൽ അപേക്ഷകരും, പരാതിക്കാരും തമ്മിൽ തർക്കം തുടർന്നതിനാൽ വസ്തുവിലെ അതിരുകൾ അളക്കുന്നത് മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കുകയും, പുതിയ തീയതി രേഖാമൂലം അറിയിക്കാമെന്നും റവന്യൂ വകുപ്പ് ജീവനക്കാർ അറിയിച്ചിട്ടുള്ളതുമാണ്.

ഈ വിഷയം സംബന്ധിച്ച് ശ്രീമതി.ചന്ദ്രിക.പി,പെരുമറത്താൻകുഴി വീട്,പരശുവയ്ക്കൽ എന്നവർ 4963/E2/2024/TVM/KSCSC&ST നമ്പരായി ബഹു.പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിരിക്കുന്ന പരാതി ബഹു കമ്മീഷൻ 13/11/2024 ന് നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ നെയ്യാറ്റിൻകര തഹസിൽദാർ ഓഫീസിലെ ഉദ്യോഗസ്ഥർ ഹാജരാകുകയും, പരാതി സ്ഥലത്തിലെ പ്ലോട്ടുകൾ അളക്കുന്നതിന് പോലീസ് സംരക്ഷണം ആവശ്യപ്പെടുകയും ചെയ്തു. ബഹു.കമ്മീഷൻ ഈ ആവശ്യത്തിന് പോലീസ് സംരക്ഷണം നൽകുന്നതിന് പാറശ്ശാല പോലീസ് അധികൃതർക്ക് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുറ്റുമതിൽ കെട്ടാൻ പെർമിറ്റ് ആവശ്യപ്പെട്ടുള്ള പ്ലോട്ടുകളുടെ അതിരുകൾ റവന്യൂ വകുപ്പ് അധികാരികൾ അളന്ന് ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പെർമിറ്റ് അപേക്ഷകളിൽ തീർപ്പാക്കുന്നതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തു സമർപ്പിക്കുന്നു.

ഈ വിവരം അപേക്ഷകരെയും രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് കൂടെ റിപ്പോർട്ട് ചെയ്തു സമർപ്പിക്കുന്നു

ഉള്ളടക്കം-

1,സൈറ്റ് പരിശോധിച്ച ഓവർയിയറുടെ റിപ്പോർട്ട്

2,പരാതി പകർപ്പ്

3,വില്ലേജ് ആഫീസറുടെ കത്ത്.

വിശ്വസ്തതയോടെ,

SECRETARY
*Parassala Grama Panchayat*

പകർപ്പ്

1, ശ്രീ.ശിവകുമാർ.വി,പെരുമറത്താൻകുഴി വീട്,പരശുവയ്ക്കൽ

2, ശ്രീ.മണികണ്ഠൻ.എസ്,പെരുമറത്താൻകുഴി വീട്,പരശുവയ്ക്കൽ

3, ശ്രീ.നിതിൻ എസ്.എൻ/നിപിൻ എസ്.എൻ,കല്ലുവിള വീട്,പരശുവയ്ക്കൽ

PARASSALA GRAMA PANCHAYAT
PIN-695502
PH:0471 2202033
PARASSALA P.O.